പെരുവന്താനം ഗവൺമെൻറ് ആശുപത്രി

398. [583] ശ്രീ. കെ. കെ. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പെരുവന്താനം ഗവൺമെൻറ് ആശുപത്രിക്ക് 30 ബഡ്ഡുകളുള്ള ഒരു വാർഡ് പണിയുന്നതിന് നടപടി സ്വീകരിക്കാമോ ;

(ബി) വാർഡ് പണിയുന്നതിന് അടിയന്തിര നടപടി സ്വീകരിക്കാമോ?

ഉത്തരം

(എ, ബി) സാമ്പത്തിക ലഭ്യതയനുസരിച്ച് വാർഡ് പണിയുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

പി. എഫ്. നഴ്സുമാരുടെ സമരം

399. [584] ശ്രീമതി ഭാർഗവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പി. എഫ്. നഴ്സുകൾ മാർച്ച് 17 മുതൽ സത്യാഗ്രഹം നടത്തുവാൻ നിശ്ചയിച്ചിട്ടുള്ള വിവരം ഗവൺമെൻറിൻെറ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ;

(ബി) സമരത്തിനു കാരണമായി ഉന്നയിച്ചിട്ടുള്ള ആവശ്യങ്ങൾ എന്തെല്ലാം ;

(സി) സമരം ഒഴിവാക്കുന്നതിനുവേണ്ടി എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട് ;

(ഡി) നഴ്സുമാരുടെ ജോലി സമയം എത്ര മണിക്കൂറായിട്ടാണ് നിജപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഈ വിവരം സർക്കാരിനെ അറിയിച്ചിട്ടില്ല.

(ബി) ആവശ്യങ്ങൾ സർക്കാരിനെ അറിയിച്ചിട്ടില്ല.

(സി) ഉദിക്കുന്നില്ല.

(ഡി) നഴ്സുമാരുടെ ജോലി സമയം നിജപ്പെടുത്തിയിരിക്കുന്നത് ഇപ്രകാരമാണ്. രാവിലെ 8 മണിമുതൽ 12 മണിവരേയും 1 മണിമുതൽ 4 മണിവരേയും (7 മണിക്കൂർ) രാവിലെ 8 മണിമുതൽ 1 മണിവരേയും വൈകുന്നേരം 4 മണിമുതൽ 6 മണിവരേയും (7 മണിക്കൂർ) വൈകുന്നേരം 6 മണിമുതൽ രാവിലെ 8 മണിവരെ (രാത്രി ഡ്യൂട്ടി) 14 മണിക്കൂർ.

എന്നാൽ തിരുവനന്തപുരം ജനറൽ ആശുപത്രി, ഗവൺമെൻറ് ആശുപത്രി, പേരൂർക്കട, തൈക്കാട് സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രി എന്നിവിടങ്ങളിൽ 3 ഷിഫ്റ്റ് സമ്പ്രദായം ഏർപ്പെടുത്തിയിട്ടുണ്ട്. അവിടങ്ങളിൽ ഓരോ ഷിഫ്റ്റിലേയും ജോലി സമയം രാവിലെ 7.30 മുതൽ ഉച്ചയ്ക്ക് 1.30 വരേയും (6 മണിക്കൂർ) ഉച്ചയ്ക്ക് 1.30 മുതൽ 7.30 വരേയും (6 മണിക്കൂർ) രാത്രി 7.30 മുതൽ രാവിലെ 7.30 വരേയും (12 മണിക്കൂർ) ആയി നിജപ്പെടുത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly